കേരള സർക്കാർ
തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

**സർക്കുലർ**

നം.127/2017/ തസ്വഭവ. തീയതി, തിരുവനന്തപുരം 16.03.2017

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - മാലിന്യ വിമുക്ത കേരളം - മഴക്കാല പൂർവ്വ ശുചിത്വ ക്യാമ്പയിൻ 2017 - മാർഗ്ഗനിർദ്ദേശങ്ങൾ-സംബന്ധിച്ച്

സൂചന : 01.03.2017 ൽ ബഹു. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന ബന്ധപ്പെട്ട വകുപ്പ്തല മേധാവികളുടെ യോഗതീരുമാനങ്ങൾ.

മൺസൂൺ കാലത്ത് കേരളത്തിൽ പകർച്ചവ്യാധികൾ പടർന്ന് പിടിക്കാതിരിക്കുന്നതിനുള്ള പ്രതിരോധപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. തൻവർഷത്തെ മഴക്കാലപൂർവ്വ കാമ്പയിൻ "ഡിസ്പോസിബിൾ ഫ്രീ മഴക്കാലപൂർവ്വ കാമ്പയിൻ" എന്ന പേരിൽ സംഘടിപ്പിക്കേണ്ടതാണ്. ആരോഗ്യവകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി എല്ലാതലങ്ങളിലും സംഘടിപ്പിക്കുന്ന സുരക്ഷിത ശുചീകരണ മാലിന്യ പരിപാലന പ്രവർത്തനങ്ങളിലൂടെ പരിസരശുചിത്വം ഉറപ്പാക്കണം. ഇതിനായി എല്ലാ വാർഡുകളിലും നിലവിലുള്ള സാനിട്ടേഷൻ സമിതിയുടെ നേതൃത്വത്തിൽ ആരോഗ്യസ്ഥാപനങ്ങൾ, ഗ്രന്ഥശാലകൾ, സന്നദ്ധസംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, സ്കൂളുകൾ, നാഷണൽ സർവീസ് സ്കീം, എൻ.സി.സി, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രവർത്തകരെ ഈ കാമ്പയിന്റെ ഭാഗമാക്കുന്നതിന് കഴിയും. പകർച്ചവ്യാധി പ്രതിരോധവും നിയന്ത്രണവും ലക്ഷ്യമിട്ടുകൊണ്ട് ആരോഗ്യവകുപ്പിന്റെ മാർഗനിർദ്ദേശങ്ങളിലെ പരിപാടികളും ചുവടെപറയുന്ന നിർദ്ദേശങ്ങളോടൊപ്പം ഏകോപിപ്പിച്ചു സംഘടിപ്പിക്കണം. കൂടാതെ വിദ്യാഭ്യാസം, നഗരകാര്യം, ജലവിഭവം, സാമൂഹ്യനീതി, മൃഗസംരക്ഷണം, കൃഷി, പൊതുമരാമത്ത്, തൊഴിൽ തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനവും തദ്ദേശ സ്ഥാപനതലത്തിൽ ഉറപ്പുവരുത്തണം.

## 1. ആസൂത്രണം

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഏറ്റെടുക്കേണ്ട ഊർജിത പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് വാർഡ്തലം മുതലുള്ള ആസൂത്രണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ജനപ്രതിനിധികളുടെ നേതൃത്വത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയിലും സന്നദ്ധ പ്രവർത്തകർ, രാഷ്ട്രീയ പാർട്ടികൾ, സാമൂഹ്യസംഘടനാ സംവിധാനങ്ങൾ, എൻ.ജി.ഒ, സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പാക്കിയും വകുപ്പുതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കണം. വാർഡുതലത്തിലെ ആരോഗ്യ ശുചിത്വ പോഷണ സമിതിയെ കൂടുതൽ കക്തമ്മോന്മുഖമാക്കേണ്ടതാണ്. ഏപ്രിൽ മാസം തന്നെ എല്ലാ ഗ്രാമ/നഗര പ്രദേശങ്ങളിലും വാർഡ്തല ആരോഗ്യ ശുചിത്വപോഷണ സമിതി യോഗം ചേർന്ന് ഓരോ വാർഡിലേയും പ്രധാന പൊതുജനാരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ മുൻഗണനാക്രമത്തിൽ നിശ്ചയിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ഇതിനായി ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് ശുചിത്വ മാപ്പിംഗും വാർഡുതല കർമ്മപരിപാടികളും ആസൂത്രണം ചെയ്യണം. വാർഡ്തല കർമ്മപരിപാടികളെ പഞ്ചായത്ത്/നഗരസഭതലത്തിൽ ഏകോപിപ്പിച്ച് തദ്ദേശ സ്ഥാപനഭരണ സമിതിയുടെ അംഗീകാരം നേടി സമയബന്ധിതമായി പൂർത്തിയാക്കണം. ജില്ലാ, നഗര

സഭാ, ബ്ളോക്ക്, ഗ്രാമപഞ്ചായത്തു തലങ്ങളിലെ പ്രസിഡന്റ്/ ചെയർമാൻമാരുടെ അധ്യക്ഷതയിലും അതാത് മെഡിക്കൽ ഓഫീസർമാർ കൺവീനറായും ഉളള രോഗ നിയന്ത്രണ സമിതികളുടെയും ഇന്റർസെക്ടറൽ സമിതികളുടേയും യോഗങ്ങളും നടക്കുന്നുവെന്നും ഇക്കാര്യങ്ങൾ ചർച്ചചെയ്യപ്പെടുന്നുവെന്നും ഉറപ്പാക്കണം. സംഘാടന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ തലത്തിൽ ജില്ലാ കളക്ടറും, ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അതാത് സെക്രട്ടറിമാരും കൺവീനർമാർ ആയിരിക്കും. ജില്ലയിലെ പ്രവർത്തനങ്ങളാകെ ഏകോപിപ്പിക്കുന്നതിന് ജില്ലാകളക്ടർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരുടെ യോഗങ്ങൾ സംഘടിപ്പിക്കുകയും ഉത്തരവാദിത്വങ്ങൾ നൽകുകയും വേണം. ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരടങ്ങുന്ന കോർകമ്മറ്റിയും രൂപീകരിക്കണം.

## 2. പരിശീലനം

കർമ്മ പരിപാടി ആവിഷ്കരിക്കുന്നതിനും അവയുടെ ഫലപ്രദമായ നടത്തിപ്പിനും ചുവടെ പ്രതിപാദിക്കുന്ന പ്രകാരം പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്.

### 2.1 സംസ്ഥാനതല നേതൃത്വപരിശീലനം:

ഓരോ ജില്ലയിൽ നിന്നും ഗ്രാമവികസന വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, പഞ്ചായത്ത് വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ, മുൻസിപ്പൽ റീജിയണൽ ജോയിന്റ് ഡയറക്ടർമാർ, കോർപ്പറേഷൻ ഹെൽത്ത് ഓഫീസർമാർ, ആരോഗ്യവകുപ്പിന്റെ ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം), ജില്ലാ പ്രോഗ്രാം മാനേജർമാർ, പൊതുജനാരോഗ്യ ടീം, എസ്.എസ്.എ, കുടുംബശ്രീ ജില്ലാ മിഷൻ, ജില്ലാ ശുചിത്വ മിഷൻ, നഗരസഭാ ഹെൽത്ത് ഓഫീസർ എന്നിവർ ഉൾപ്പെടുന്ന ടീമിന് പരിശീലനം. (പരിശീലനം ആരോഗ്യവകുപ്പും ശുചിത്വമിഷനും സംയുക്തമായി സംഘടിപ്പിക്കണം).

### 2.2 ജില്ലാതല നേതൃത്വ പരിശീലനം

ജില്ലാ ശുചിത്വമിഷൻ ടീം, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവരെ കൂടാതെ ബ്ലോക്കിൽ നിന്നും ആരോഗ്യവകുപ്പ്, ഹോമിയോ, ആയുർവേദം, എസ്.എസ്.എ. റിസോഴ്സ് ഗ്രൂപ്പ്, കുടുംബശ്രീ ജില്ലാമിഷൻ ടീം, നഗരസഭാ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ എന്നിവരുടെ പ്രതിനിധികൾ അടങ്ങുന്ന ടീമിന് പരിശീലനം. ഇതു കൂടാതെ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷൻമാർക്കുള്ള പ്രത്യേക ഓറിയന്റേഷൻ വർക്ക്ഷോപ്പും സംഘടിപ്പിക്കണം. (പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടത് ജില്ലാകളക്ടർമാരുടെ ചുമതല യായിരിക്കും. ഡി.എം.ഒ, ഡി.പി.എം, ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്റർ എന്നിവർ വേണ്ടുന്ന പിന്തുണ നൽകും). ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മേയർമാർ എന്നിവരുടെ നേതൃത്വം അതാതിടത്ത് ഉറപ്പാക്കണം.

### 2.3 ബ്ലോക്ക്/ നഗരസഭ തല പരിശീലനം

ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, വാർഡ്തലത്തിൽ നിന്നും 2 പേർ (സാനിട്ടേഷൻ സമിതി കൺവീനർ/ ഉദ്യോഗസ്ഥ പ്രതിനിധി, വാർഡുതലത്തിൽ നേതൃത്വം കൊടുക്കുന്ന ജനപ്രതിനിധി), ഹെഡ് മാസ്റ്റർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അഗ്രികൾച്ചറൽ ഓഫീസർ, വി.ഇ.ഒ, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എന്നിവർക്ക് പരിശീലനം. ഓരോ നഗരസഭാതലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ജനപ്രതിനിധികളേയും കുടുംബശ്രീ പ്രവർത്തകരേയും ഉൾപ്പെടുത്തി പ്രത്യേകം പരിശീലനം. പരിശീലനത്തിന് അംഗസംഖ്യ കൂടുന്ന സാഹചര്യത്തിൽ ബാച്ചുകളുടെ എണ്ണം കൂട്ടി പരിശീലനം സംഘടിപ്പിക്കേണ്ടതാണ്ടതാണ്. (ബ്ലോക്ക്തല പരിശീലന ചുമതല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്കായിരിക്കും. ബ്ലോക്ക് പി.എച്ച്.സി മെഡിക്കൽ ഓഫീസർ പിന്തുണ നൽകും). ബ്ലോക്ക് പഞ്ചായത്തിന്റെ പ്രസിഡന്റിന്റെ നേതൃത്വം ഉറപ്പാക്കണം.

## 3. പഞ്ചായത്ത്/നഗരസഭാതല പ്രീ മൺസൂൺ കാമ്പയിൻ പ്രവർത്തനങ്ങൾ

പഞ്ചായത്തുകളുടേയും, നഗരസഭകളുടേയും നേതൃത്വത്തിൽ വിവിധ വകുപ്പ്തല പ്രവർത്തകരേയും, സന്നദ്ധ പ്രവർത്തകരേയും, കുടുംബശ്രീ സംഘടനാ സംവിധാനത്തേയും ഏകോപിപ്പിച്ച് വാർഡ് തലത്തിൽ സംഘടിപ്പിക്കേണ്ട ശുചിത്വ പ്രവർത്തനങ്ങളുടെ കണ്ടെത്തലും, ആസൂത്രണവും കർമ്മ പരിപാടികളും തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുകയെന്നതാണ് ഈ കാമ്പയിന്റെ ലക്ഷ്യം. <u>2017 ഏപ്രിൽ മാസം ആരംഭിച്ച് കാലവർഷം വരെ നീണ്ടു നിൽക്കുന്ന വിപുലമായ കർമ്മപരിപാടികൾ സംഘടിപ്പിക്കണം. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ കാമ്പയിന്റെ ഭാഗമായി സംഘടിപ്പിക്കേണ്ടതാണ്.</u>

### 3.1. വാർഡ്തല ശുചിത്വ കൂട്ടായ്മ

വാർഡ്തല ആരോഗ്യ ശുചിത്വപോഷണ സമിതി വിളിച്ചുചേർത്ത് ശുചിത്വ മാപ്പിംഗും, കർമ്മപദ്ധതി രൂപീകരണവും നടപ്പാക്കുന്നതിന് വാർഡ് മെമ്പർമാർ/കൗൺസിലർമാർ നേതൃത്വം നൽകണം. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. വാർഡ് തലത്തിൽ വായനശാലകൾ, ക്ലബുകൾ, സന്നദ്ധസംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, യുവജനസംഘടനകൾ, മഹിളാസംഘടനകൾ, കുടുംബശ്രീ, സ്കൂളുകൾ, ആരോഗ്യ സ്ഥാപനങ്ങൾ, വ്യാപാര വ്യവസായ സ്ഥാപന പ്രതിനിധികൾ, ഗ്രാമ/നഗരതല ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിയുള്ള 'വാർഡ്തല ശുചിത്വ കൂട്ടായ്മ' യിൽ വച്ചാവണം പ്രവർത്തനങ്ങളുടെ ആസൂത്രണം. ഏപ്രിൽ മാസത്തിൽ സംസ്ഥാനത്തെ എല്ലാ വാർഡുകളിലും ശുചിത്വ കൂട്ടായ്മകൾ സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർ ഓരോ വാർഡിലേയും ഔദ്യോഗിക ചുമതല വിവിധ ഉദ്യോഗസ്ഥർക്ക് നൽകി ഉത്തരവ് നൽകേണ്ടതാണ്.

### 3.2 ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം

വാർഡ്തലത്തിലെ ശുചിത്വകൂട്ടായ്മയിൽ വച്ച് ശുചിത്വസ്ക്വാഡുകൾ രൂപീകരിക്കേണ്ടതാണ്. വാർഡിന്റെ വിസ്തൃതിയും, വീടുകളുടെ എണ്ണവും അടിസ്ഥാനപ്പെടുത്തി സ്ക്വാഡുകളുടെ എണ്ണം നിശ്ചയിക്കാം. സ്ക്വാഡിന്റെ നേതൃത്വം കുടുംബശ്രീ എ.ഡി.എസ് ചുമതലക്കാർ, ആശാവർക്കർ എന്നിവരിലൊരാൾക്കായിരിക്കണം.

**ശുചിത്വ സ്ക്വാഡുകളുടെ പ്രവർത്തനങ്ങൾ:-**

- ഭവന സന്ദർശനത്തിലൂടെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും അവയുടെ പ്രാധാന്യവും ബോധ്യപ്പെടുത്തുക. (പകർച്ചവ്യാധികൾ ഒഴിവാക്കാൻ എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ടെന്ന് കൃത്യമായി പറഞ്ഞുകൊടുക്കണം)
- സ്ഥാപനങ്ങൾ (സർക്കാർ/സ്വകാര്യസ്ഥാപനങ്ങൾ) സന്ദർശിച്ച് ശുചീകരണ ബോധവൽക്കരണം നൽകുക.
- ആഴ്ചയിൽ ഒരു ദിവസം 'ഡ്രൈ ഡേ' ആചരിക്കുവാൻ നിർദ്ദേശിക്കുകയും ആവശ്യകതയെകുറിച്ച് ബോധവൽക്കരിക്കുകയും ചെയ്യുക.
- കൊതുകുകളുടെ ഉറവിടങ്ങൾ കണ്ടുപിടിച്ച് അവ നശിപ്പിക്കുക.
- പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പട്ടികപ്പെടുത്തുക.
- കുടിവെള്ള ശുചിത്വം പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുക.
- പാത്രങ്ങളിലും ടാങ്കുകളിലും ജലം സംഭരിച്ച് സൂക്ഷിക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് ബോധവൽക്കരിക്കുക.
- ശുചിത്വ മാപ്പിംഗ് നടത്തുക, റിപ്പോർട്ട് തയ്യാറാക്കുക.
- മഴക്കാല പൂർവ്വ ശുചീകരണ സന്ദേശങ്ങളടങ്ങിയ നോട്ടീസുകൾ വിതരണം ചെയ്യുക.
- ശുചിത്വ സ്ക്വാഡുകൾക്ക് നേതൃത്വം വഹിക്കുന്നവർ ആഴ്ചയിലൊരിക്കൽ പ്രവർത്തന പുരോഗതി വിലയിരുത്തുക.
- ഉറവിട മാലിന്യ സംസ്കരണ നടപടികൾ പ്രചരിപ്പിക്കുക. സ്വന്തമായി കമ്പോസ്റ്റിംഗ് ചെയ്യുന്നതിന് പ്രേരിപ്പിക്കുക.
- മാലിന്യങ്ങൾ വലിച്ചെറിയുന്നതും, കത്തിക്കുന്നതും മാരകരോഗങ്ങൾക്ക് കാരണമാകുമെന്ന സന്ദേശം നൽകുക.
- ബഹുനില കെട്ടിടങ്ങൾ പണിയുന്നിടത്തും പുതുക്കി പണിയൽ നടത്തുന്ന സ്ഥാപനങ്ങളും സന്ദർശിച്ച് കൊതുക്, എലി തുടങ്ങിയവ പെരുകാനുള്ള സാഹചര്യങ്ങൾ പരിശോധിക്കുക.
- തോട്ടം മേഖലകൾ, ചേരി/ട്രൈബൽ കോളനികൾ/അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ തുടങ്ങിയവ നിരീക്ഷിച്ച് കൊതുകുറവിട നശീകരണം ഉൾപ്പെടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക.
- ഡ്രൈ കയിനർ എലിമിനേഷൻ ക്യാമ്പയിൻ, ക്ലീൻ ഓഫീസ് പബ്ലിക് പ്ലെയിസ് ക്യാമ്പയിൻ, ജലശുദ്ധി ക്യാമ്പയിൻ, ഹെൽത്തി കേരള ക്യാമ്പയിൻ തുടങ്ങിയവ ജന പങ്കാളിത്തത്തോടെ നടത്തുക.

### 3.3 വാർഡ്തല ശുചിത്വ മാപ്പിംഗ്

സംസ്ഥാനത്തെ എല്ലാ നഗര/ഗ്രാമ വാർഡിലും മാലിന്യ പ്രശ്നങ്ങൾ ഉള്ളതും വെള്ളം കെട്ടി നിന്ന് കൊതുക് പെരുകുന്നതിന് സാധ്യതയുള്ളതുമായ സ്ഥലങ്ങൾ, ഓടകൾ നന്നായി പ രിപാലിക്കാത്ത പ്രദേശങ്ങൾ, സ്ഥാപനത്തിൽ നിന്നും വീടുകളിൽ നിന്നും മലിനജലം പൊതുഓടയി ലേയ്ക്ക് തുറന്ന് വിടുന്ന പ്രശ്നങ്ങൾ, കുറ്റിച്ചെടികൾ വളർന്ന് കൊതുകിന് വളരുന്നതിനുള്ള സാഹചര്യങ്ങൾ, ജൈവമാലിന്യം, പ്ലാസ്റ്റിക്കും മറ്റ് ദ്രവിക്കാത്ത മാലിന്യങ്ങളും വലിച്ചെറിയുന്നതിന്റെ പ്രശ്നങ്ങൾ, വെള്ളം കെട്ടി നിൽക്കുന്ന ടാങ്കുകൾ, വൃത്തിയില്ലാത്ത വീടും പരിസരവും, കെട്ടിട നിർമ്മാണ സ്ഥലങ്ങൾ, റബർതോട്ടങ്ങൾ, വർക്ക്ഷോപ്പുകൾ മുതലായവ കണ്ടെത്തി രേഖപ്പെടുത്തുക യാണ് ശുചിത്വമാപ്പിംഗിന്റെ ലക്ഷ്യം. ശുചിത്വ സ്ക്വാഡുകൾ പകർച്ചവ്യാധികൾ ഉണ്ടാകുന്ന സാഹ ചര്യങ്ങൾ ഉള്ള സ്ഥലങ്ങൾ കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കണം. ഈ റിപ്പോർട്ടുകൾ ഏകോപിപ്പിച്ച് വാർഡ് തല ശുചിത്വ റിപ്പോർട്ട് തയ്യാറാക്കും. ഇത് വാർഡുതല ചുമതലാ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമായിരിക്കും. വാർഡ്തല റിപ്പോർട്ടുകൾ നഗര/ഗ്രാമ തലത്തിൽ ക്രോഡീകരിക്കുന്നതിന് വേണ്ടി നഗരസഭ/ഗ്രാമപഞ്ചായത്ത് തലത്തിൽ ഹെൽത്ത് സൂപ്പർവൈസർ/ഹെൽത്ത് ഇൻസ്പെ ക്ടർ/വി.ഇ.ഒ എന്നീ ഉദ്യോഗസ്ഥരെ കൺവീനറാക്കി മൂന്നംഗ കമ്മറ്റിയെ ഗ്രാമപഞ്ചായത്ത്/നഗരസഭാ കമ്മറ്റി ചുമതലപ്പെടുത്തണം.

### 3.4 ഗ്രാമപഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷൻതല കർമ്മ പരിപാടി

ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/മുൻസിപ്പൽ കോർപ്പറേഷൻതല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗ സ്ഥരെ ഉൾപ്പെടുത്തി പ്രത്യേക സമിതി അതാത് ഗ്രാമപഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷൻ വിളിച്ചു ചേർക്കുക. താഴെ പറയുന്ന പൊതുവിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി കർമ്മപരിപാടികൾ ആസൂത്രണം ചെയ്യേണ്ടതും നിർവ്വഹണചുമതലാ ഉദ്യോഗസ്ഥരെ നിശ്ചയിക്കേണ്ട തുമാണ്.

- ഉറവിട മാലിന്യ സംസ്കരണവും, സംയോജിത മാലിന്യസംസ്കരണ പദ്ധതികളും തയ്യാറാക്കൽ
- 50 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കുന്നതിനുള്ള നടപടികൾ. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംഭരണവും, റീസൈക്കിൾ ചെയ്യുന്നതിനായി പാഴ് വസ്തു വ്യാപാരികൾക്ക് കൈമാറുന്നതിനുള്ള നടപടികളും.
- റോഡുകൾ, ഓടകൾ, തോട്, കുളം, കിണർ വൃത്തിയാക്കൽ
- വെള്ളക്കെട്ട് ഒഴിവാക്കൽ, വെള്ളം കെട്ടിനിൽക്കാൻ സാദ്ധ്യതയുള്ള സാഹചര്യം ഒഴിവാക്കൽ
- ടാങ്കുകൾ വൃത്തിയാക്കൽ
- കുറ്റിച്ചെടിയും, കുളവാഴ, മുട്ടപ്പായൽ തുടങ്ങിയ ജലസസ്യങ്ങളും മറ്റും മാറ്റൽ
- കൊതുക്, എലി, മറ്റ് മൃഗങ്ങൾ തുടങ്ങിയവ വഴി ഉാകാവുന്ന രോഗങ്ങളെ പ്രതിരോധിക്കൽ
- കൊതുക് പെരുകാൻ സാഹചര്യം ഉള്ള സ്ഥലങ്ങൾ കത്തെലും, പ്രതിവിധികളും
- പൊതുസ്ഥലങ്ങൾ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ തുടങ്ങിയവയിൽ ശുചിത്വ ആരോഗ്യ പ്രവർത്തന നിരീക്ഷണം, നിയന്ത്രണം
- ഹോട്ട്സ്പോട്ടുകൾ (പകർച്ചവ്യാധി പടർന്ന് പിടിയ്ക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ) നിശ്ചയിക്കൽ
- ജലദൗർലഭ്യമുള്ളിടത്ത് പൊതുജനത്തിനും കന്നുകാലികൾക്കും, പക്ഷികൾക്കും ആവശ്യമായ കുടിവെള്ളം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഉറപ്പാക്കേണ്ടതാണ്. (കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന സർക്കാർ ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ-കെ) വകുപ്പ് പരിപത്രം നമ്പർ 42830/കെ.3/2016/ഡി.എം.ഡി തീയതി 31.10.2016 കാണുക)
- സംഭരിച്ച് സൂക്ഷിച്ചിരിക്കുന്ന ജലം ശുചിത്വമുള്ളതാണെന്നും അതിൽ കൊതുക് പെരു കുന്നില്ല എന്നും ഉറപ്പാക്കൽ.
- ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണി

- വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ
- ആരോഗ്യ സ്ഥാപനങ്ങളിൽ പകർച്ചവ്യാധികൾക്കുള്ള ചികിത്സാ സൗകര്യങ്ങളും, ഔഷധ ലഭ്യതയും ഉറപ്പാക്കൽ
- ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക (കൂടുതൽ വിവരങ്ങൾക്ക് ഖണ്ഡിക 4.3 കാണുക)
- ഏറ്റെടുക്കുന്ന പ്രവർത്തികളുടെ മാസ്റ്റർ റോൾ സൂക്ഷിച്ചു വയ്ക്കേണ്ടതാണ്.

### 3.5 'ഡ്രൈഡേ' സന്ദേശം

'ഡ്രൈഡേ' സന്ദേശം (ആഴ്ചയിലൊരു ദിവസം വീട്, പരിസരം കൊതുകിന് മുട്ടയിട്ട് പെരുകുവാനുള്ള സാഹചര്യം സൃഷ്ടിക്കുന്ന എല്ലാ വസ്തുക്കളും നീക്കം ചെയ്യുകയും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുക). എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും എത്തിക്കുന്നതിന് പഞ്ചായത്ത്/ മുൻസിപ്പൽ വാർഡ് അംഗങ്ങൾ, മറ്റ് വകുപ്പുകളിലെ ഫീൽഡ്തല ഉദ്യോഗസ്ഥർ, കുടുംബശ്രീ, ആശ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ ടീമുകൾ രൂപീകരിച്ച് ചുമതല നൽകുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പുരോഗതി പരിശോധിക്കുകയും വേണം. ഡ്രൈഡേ ആചരണം ഇപ്രകാരം ആകാം

| | | |
|---|---|---|
| വെള്ളിയാഴ്ച | : | എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും |
| ശനിയാഴ്ച | : | എല്ലാ ഓഫീസുകൾ, ആശുപത്രി മറ്റു സ്ഥാപനങ്ങൾ |
| ഞായറാഴ്ച | : | എല്ലാ വീടുകൾ, പൊതുയിടങ്ങൾ |

## 4. വിവര വിജ്ഞാന വ്യാപനം : ബോധവൽക്കരണ പ്രവർത്തനങ്ങൾ

ഓരോ വാർഡിലും ഗാർഹികതലത്തിലും സ്ഥാപനതലത്തിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത്. പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി നോട്ടീസുകൾ, ലഘുലേഖക117ൾ, ബാനറുകൾ, മൈക്ക് അനൗൺസ്മെന്റുകൾ, റോഡ്ഷോകൾ, നവീന സാങ്കേതിക വിദ്യകളായ എസ്.എം.എസ്, എഫ്.എം. റേഡിയോ സന്ദേശം, ഫോൺ കോളർ ടോൺ, സോഷ്യൽ മീഡിയ തുടങ്ങിയവ വിവര വിജ്ഞാന വ്യാപനത്തിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

### 4.1 ഗാർഹിക തലം

4.1.1. ശുചിത്വാരോഗ്യ പ്രവർത്തനങ്ങളിൽ കൊതുക്, പ്രാണികൾ, എലികൾ എന്നിവ പെരുകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കി വീടും പരിസരവും മാലിന്യമുക്തമാക്കേണ്ടതിന്റെ ആവശ്യകത ഓരോ വീട്ടുകാരെയും ബോധ്യപ്പെടുത്തുന്നതിനും അത് അവരുടെ ഉത്തരവാദിത്വമാക്കി മാറ്റുന്നതിനുമുള്ള ഇടപെടലുകൾ ഉണ്ടാവണം.

4.1.2. താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കിയാവണം ഗാർഹിക തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

- വീടിന് അനുബന്ധമായുള്ള പുരയിടത്തിൽ ഉപേക്ഷിക്കപ്പെട്ട ചിരട്ട, ടിന്ന്, മുട്ടത്തോട്, തൊണ്ട്, ടയർ, പ്ലാസ്റ്റിക് കൂട്, പ്ലാസ്റ്റിക് കപ്പ്, പ്ലാസ്റ്റിക് ഷീറ്റ്, ഉടഞ്ഞ ഗ്ലാസ്, കുപ്പികൾ, കുപ്പിയുടെ അടപ്പുകൾ എന്നിവ ഉൾപ്പെടെ വെള്ളം കെട്ടിനിൽക്കാൻ സാധ്യതയുള്ള എല്ലാ വസ്തുക്കളും ഒഴിവാക്കൽ.
- ടാപ്പിംഗ് നിർത്തി വച്ചിട്ടുള്ള റബ്ബർ മരങ്ങളിലെ റബർ പാൽ സംഭരണിയിൽ (ചിരട്ട) വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യം ഒഴിവാക്കുക.
- മേൽപ്പറഞ്ഞ ഉറവിടങ്ങളിലെ ജലം വറ്റി ഉണങ്ങിക്കിടക്കുകയാണെങ്കിലും മഴ തുടങ്ങുമ്പോൾ അപകടകാരികളായതിനാൽ ഉണങ്ങിയ ഉറവിടങ്ങളുടെ നിർമ്മാർജ്ജനം പ്രധാനമാണ്.
- വെള്ളം കോരാത്തതും മോട്ടോർ സ്ഥാപിച്ചിട്ടുള്ളതുമായ കിണറുകളിൽ വെള്ളത്തിന്റെ മുകൾത്തട്ട് ചലിക്കാത്തതുകൊണ്ട് കൊതുക് വളരാൻ ഇടയാകും. ഇവയിൽ ക്ലോറിനേറ്റ് ചെയ്യുകയോ ഗപ്പി മത്സ്യം വളർത്തുകയോ, കൊതുകു കടക്കാത്തവിധം വലകൊണ്ട് മൂടുകയോ വേണം. മലിനജലം മാത്രമല്ല ശുദ്ധജലവും കെട്ടികിടക്കാനിടയാകുന്നത് അപകടകരമാണെന്ന് ശ്രദ്ധയിൽപെടുത്തുക.
- ജലദൗർലഭ്യമുള്ളിടത്ത് ടാങ്കുകളിലും പാത്രങ്ങളിലും സംഭരിച്ച് സൂക്ഷിച്ചിരിക്കുന്ന ജലം കൊതുകുകടക്കാത്തവിധം ഭദ്രമായി അടച്ചുസൂക്ഷിക്കുകയോ മറ്റ് മുൻകരുതലുകൾ സ്വീകരിക്കുകയോ വേണം.

- ചെടിച്ചട്ടി, ചെടിച്ചട്ടിക്കടിയിലെ ട്രേ, എയർ കൂളർ, റഫ്രിജറേറ്ററിന് അടിവശം എന്നിവിടങ്ങളിൽ കൊതുക് മുട്ടയിട്ട് വളരാൻ സാഹചര്യമില്ലെന്ന് ഉറപ്പാക്കുക.
- കോൺക്രീറ്റ് വീടുകളിൽ ടെറസിലും കൈവരിക്കുള്ളിലും ചപ്പുചവറുകൾ ഇല്ലെന്നും മഴ വെള്ളം സുഗമമായി ഒഴുകിപ്പോകുന്നു എന്നും ഉറപ്പാക്കുക.
- മാലിന്യങ്ങളും അഴുക്കുവെള്ളവും ഒഴിവാക്കുക.
- അടുക്കള, കുളിമുറി, കിണറ്റിൻകര എന്നിവിടങ്ങളിൽ നിന്നും ഒഴുകി വരുന്ന ജലം കെട്ടിനിൽക്കുന്നില്ലെന്നും പൊതു ഓടകളിലേയ്ക്ക് ഒഴുക്കി വിടുന്നില്ലെന്നും ഉറപ്പാക്കുക.
- ഉപയോഗിക്കാത്ത കിണറുകൾ, കക്കൂസുകളുടെ വെന്റ് പൈപ്പ് തുടങ്ങിയവ വലകെട്ടി മൂടൽ
- എല്ലാ വീടുകളിലും ഗാർഹിക മാലിന്യങ്ങളുടെ തരംതിരിക്കൽ, ജൈവമാലിന്യങ്ങളുടെ ഉറവിട സംസ്കരണം ഉറപ്പാക്കൽ, ജൈവമാലിന്യത്തിൽ നിന്നും ജൈവവളം ഉത്പാദനം.
- ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനങ്ങളിൽ (കമ്പോസ്റ്റ് പിറ്റ്, മൺകല കമ്പോസ്റ്റിംഗ്, പൂച്ചെട്ടി കമ്പോസ്റ്റിംഗ്, പൈപ്പ് കമ്പോസ്റ്റിംഗ്, ബയോഭരണി കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റിംഗ്, മോസ്പിറ്റ്, ബയോ പെഡസ്റ്റൽ കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ) ഏതെങ്കിലും ഉപയോഗിക്കണം
- അജൈവമാലിന്യങ്ങൾ തരംതിരിച്ച് പുന:ചംക്രമണ മൂല്യമുള്ളവയെല്ലാം പാഴ് വസ്തു വ്യാപാരികൾക്ക് കൈമാറൽ
- പ്ലാസ്റ്റിക് കിറ്റുകളും, കവറുകളും ഒഴിവാക്കി പുനരുപയോഗിക്കാൻ കഴിയുന്ന തുണി സഞ്ചികൾ ഉപയോഗിക്കുക.
- കുടിവെള്ളം തിളപ്പിച്ച് ആറ്റിയ ശേഷം മാത്രമേ ഉപയോഗിക്കാവൂ എന്ന് അവബോധം നൽകുക.

4.1 ശുചിത്വ സ്ക്വാഡുകൾ ഭവന സന്ദർശനം നടത്തുമ്പോൾ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ സന്ദേശം ഓരോ കുടുംബത്തിലും എത്തിക്കേതാണ്. മഴക്കാലപൂർവ്വ പ്രവർത്തനങ്ങൾക്ക് ആശാ വർക്കേഴ്സ്, കുടുംബശ്രീ, ഹെൽത്ത് വോളന്റിയേഴ്സ്, യൂത്ത് കോ-ഓർഡിനേറ്റർ, എസ്.സി/എസ്.ടി പ്രമോട്ടർ, സന്നദ്ധസംഘടനാ പ്രതിനിധികൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തേതാണ്. ഇതിനായി ടീമുകൾ രൂപീകരിക്കുകയും ഓരോ ടീമും സന്ദർശിക്കേണ്ട വീടുകൾ നിശ്ചയിച്ച് നിർദ്ദേശം നൽകുകയും വേണം. ഈ ചുമതല തദ്ദേശസ്വയം ഭരണ സ്ഥാപന സെക്രട്ടറിക്കായിരിക്കും. ആരോഗ്യവകുപ്പിൽ നിന്നും ലഭ്യമാക്കാൻ കഴിയുന്ന ഉദ്യോഗസ്ഥരും പ്രവർത്തകരും ആരൊക്കെയാണെന്ന് പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും അവരുടെ സേവനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുകയും വേണം.

4.2 മൺസൂൺ ആരംഭിക്കുന്നതിന് മുമ്പും മഴക്കാലം ആരംഭിച്ച് അഞ്ച് ദിവസം കഴിയുമ്പോഴും തുടർന്ന് ആഴ്ചയിലൊരിക്കലും ടീമംഗങ്ങൾ ഭവന സന്ദർശനം നടത്തണം.

4.3 കൂടുതൽ ആളുകൾ ഒത്തുചേരുന്ന താഴെപ്പറയുന്ന വേദികൾ ശുചിത്വ ആരോഗ്യ ബോധവൽക്കരണ സന്ദേശം എത്തിക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്.

- കുടുംബശ്രീയുടെ അയൽക്കൂട്ട യോഗങ്ങൾ
- കുടുംബശ്രീയുടെ ബാലസഭാ യോഗങ്ങൾ
- അംഗണവാടികളിലെ മദേഴ്സ് കമ്മിറ്റി യോഗങ്ങൾ
- എൻ.സി.സി, സ്കൗട്ട്സ്, എൻ.എസ്.എസ് മുതലായവ
- തൊഴിലുറപ്പ് പദ്ധതി പ്രവൃത്തി പ്രദേശം
- റസിഡന്റ്സ് അസോസിയേഷൻ യോഗങ്ങൾ
- സ്കൂൾ പി.റ്റി.എ കമ്മറ്റികൾ
- ഉത്സവങ്ങളുമായി ബന്ധപ്പെട്ട കൂട്ടങ്ങൾ

- ഗ്രാമ/വാർഡ് സഭകൾ
- തദ്ദേശ സ്വയംഭരണ സ്ഥാപനതല സെമിനാറുകൾ

**4.4 സ്ഥാപനതലം**

4.5 സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളും അവയുടെ പരിസരങ്ങളും മാലിന്യമുക്ത മാക്കേണ്ട പൂർണ്ണ ഉത്തരവാദിത്തം അത്തരം സ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്നവർക്കാണ്. സ്ഥാപനങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ പാഴ്വസ്തുക്കൾ പരിസരത്തും ടെറസിലും കൂട്ടിയിടുന്നത് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കും. എയർ കണ്ടീഷണറുകളിൽ നിന്നുമുള്ള വെള്ളം, സൺഷെയ്ഡുകളിലെ വെള്ളം ഓവർഹെഡ് ടാങ്കുകളിലെ ജലം എന്നിവയിൽ കൊതുകു വളരാനിടയാക്കും. അതുപോലെ അലക്ഷ്യമായി കൂട്ടിയിട്ടിട്ടുള്ള ടിന്നുകൾ, കുപ്പികൾ, ക്യാനുകൾ എന്നിവയിലും വെള്ളം കെട്ടി നിൽക്കുന്നത് കൊതുക് മുട്ടയിട്ട് പെരുകുന്നതിന് കാരണമാകും. സ്ഥാപനങ്ങളുടെ അകത്തും പുറത്തും എലികൾ പെറ്റുപെരുകാനുള്ള സാഹചര്യങ്ങൾ ഉണ്ടെങ്കിൽ അതും ഇല്ലാതാക്കണം. സ്ഥാപനത്തോടനുബന്ധിച്ചുള്ള ഡ്രെയിനേജ്, സെപ്റ്റിക് ടാങ്ക് തുടങ്ങിയവയിലും ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യണം. ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതിനുള്ള സ്ഥാപന മേധാവികളുടെ യോഗം തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റിന്റെ/ ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കണം. യോഗങ്ങൾ വിളിച്ചു ചേർക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

**4.2 ഗ്രീൻ പ്രോട്ടോകോൾ**

മാലിന്യപ്രശ്നം ഉണ്ടാക്കുന്ന ഭീഷണിയുടെ തോത് കുറയ്ക്കുന്നതിനുള്ളൊരു ഉത്തമ പ്രവർത്തന സമീപനമാണ് ഗ്രീൻ പ്രോട്ടോകോൾ. മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കുക, ജൈവമാലിന്യം കമ്പോസ്റ്റ് ചെയ്യുക, പുനരുപയോഗിക്കാൻ കഴിയുന്ന സാധനങ്ങൾ ഉപയോഗിക്കുക, അജൈവമാലിന്യം തരംതിരിച്ച് ശേഖരിച്ച് പുന:ചംക്രമണത്തിനായി പാഴ്വസ്തു വ്യാപാരികൾക്ക് കൈമാറുകയെന്നതാണ് തന്ത്രം. സർക്കാർ ഓഫീസുകൾ, പൊതുസ്ഥാപനങ്ങൾ, പൊതുപരിപാടികൾ, ഉത്സവങ്ങൾ, സ്വകാര്യവിശേഷങ്ങൾ, എന്നിങ്ങനെ എല്ലായിടത്തും ഗ്രീൻ പ്രോട്ടോകോൾ നടത്തുന്നതിന് ബന്ധപ്പെട്ട അധികാരികളും, പൊതുപ്രവർത്തകരും മുൻകൈ എടുക്കണം. (വിശദാംശങ്ങൾ ശുചിത്വമിഷനിൽ ലഭ്യമാണ്). എല്ലാത്തരം പ്ലാസ്റ്റിക് ക്യാരിബാഗുകൾ, പ്ലാസ്റ്റിക്/പേപ്പർ കപ്പുകൾ/പ്ലേറ്റുകൾ എന്നിവ ഒഴിവാക്കി പ്രകൃതി സൗഹൃദ വസ്തുക്കളാൽ നിർമ്മിതമായ സഞ്ചികൾ, സ്റ്റീൽ/മൺ/ഗ്ലാസ്കപ്പ്/പ്ലേറ്റുകൾ ഉപയോഗിച്ചാൽ തന്നെ മാലിന്യം വലിയൊരളവിൽ കുറയുകയും അത്തരം മാലിന്യം പൊതുസ്ഥലം, ഓട, തോട്, പുഴയിലേയക്ക് വലിച്ചെറിയുന്നതും കത്തിക്കുന്നതും മൂലമുണ്ടാകുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരമാകുകയും ചെയ്യും. ഫ്രീമൺസൂൺ കാമ്പയിനുമായി ബന്ധപ്പെട്ട എല്ലാ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുപ്രവർത്തകർ എന്നിവർക്ക് സ്വന്തം വീട്ടിൽ കമ്പോസ്റ്റിംഗ് ചെയ്തും ഗ്രീൻപ്രോട്ടോകോൾ തങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനം, പൊതുസ്ഥാപനം, പൊതു/സ്വകാര്യ ചടങ്ങുകൾക്കും ബാധകമാക്കി മാതൃകയാകാൻ കഴിയും.

## 5 ഏകോപനം

ഗ്രാമപഞ്ചായത്ത്തലത്തിൽ പ്രസിഡന്റ് അദ്ധ്യക്ഷനും മെഡിക്കൽ ഓഫീസർ കൺവീനറായും, മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിൽ മുനിസിപ്പൽ ചെയർപേഴ്സൺ/മേയർ അധ്യക്ഷനും, ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ കോ-ചെയർമാനായും മെഡിക്കൽ ഓഫീസർ കൺവീനറായും വിവിധ വകുപ്പുകളും സന്നദ്ധ പ്രവർത്തകരും അടങ്ങുന്ന സമിതി ഏകോപനചുമതല നിർവ്വഹിക്കണം. സന്നദ്ധ പ്രവർത്തകരെ നോമിനേറ്റ് ചെയ്യുന്നതിനുള്ള അധികാരം അതാത് തദ്ദേശഭരണസ്ഥാപനത്തിനുണ്ട്. വാർഡ്തല സമിതികളും ഈയടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കണം. ജില്ലാതലത്തിൽ ജില്ലാകളക്ടർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിലുള്ള സമിതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കണം.

## 6 വിവിധ വകുപ്പുകളുടെ ഉത്തരവാദിത്വങ്ങൾ

**1. തദ്ദേശ സ്വയം ഭരണ വകുപ്പ്**

- പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള വാർഡ്തല/ തദ്ദേശസ്വയംഭരണ സ്ഥാപനതല പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, അവലോകനം

- മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ ശുചിത്വമിഷൻ ഫണ്ട് സമയബന്ധിതമായി ശുചിത്വമിഷന് അനുവദിച്ചുനൽകുക.
- ഗ്രാമവികസനം, നഗരവികസനം, പഞ്ചായത്ത്, ആരോഗ്യം, ശുചിത്വമിഷൻ, കുടുംബശ്രീ വകുപ്പുകളുടെ മേധാവികളുടെ യോഗം വിളിച്ചുചേർത്ത് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തന പുരോഗതി യഥാസമയങ്ങളിൽ വിലയിരുത്തുക.
- ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ യോഗം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ ഞ്ചായത്തും, നഗരസഭാ സെക്രട്ടറിമാരുടെ യോഗം റീജീയണൽ ജോയിന്റ് ഡയറക്ടറും യഥാസമയം വിളിച്ചു ചേർത്ത് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുകയും, ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യേതാണ്.
- പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ അവലോകന യോഗം പഞ്ചായത്ത് ഡയറക്ടറും, റീജിയണൽ ജോയിന്റ് ഡയറക്ടർമാരുടെ യോഗം നഗരകാര്യ വകുപ്പ് ഡയറക്ടറും വിളിച്ചു ചേർത്ത് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തന പുരോഗതി അവലോകനം ചെയ്യേണ്ടതാണ്.

## 2 . ആരോഗ്യ വകുപ്പ് (അലോപ്പതി, ഹോമിയോ, ആയുർവേദമടക്കം)

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പദ്ധതികൾ തയ്യാറാക്കുവാനും നടപ്പിലാക്കുവാനും വേണ്ട സാങ്കേതിക, ശാസ്ത്രീയ അവബോധം നൽകുക, നടപ്പിലാക്കാൻ സഹകരിക്കുക
- രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം, ലബോറട്ടറി നിരീക്ഷണം തുടങ്ങിയവ നിരന്തരമായി നടത്തി ഇവ സംബന്ധിച്ച പ്രതിദിന/പ്രതിവാര റിപ്പോർട്ടുകൾ വിശലകലനം ചെയ്ത് രോഗം പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത മുൻകൂട്ടി കണ്ടുപിടിക്കൽ, തുടർ നടപടികൾ സ്വീകരിക്കൽ
- അംഗീകൃത ചികിത്സ മാർഗ്ഗരേഖകൾ ഉപയോഗിച്ച് രോഗചികിത്സയും പരിചരണവും
- രോഗം പൊട്ടിപ്പുറപ്പെട്ടാൽ ദ്രുതകർമ്മസേന ഇടപെട്ട് കാര്യകാരണ വിശകലനം നടത്തി രോഗനിയന്ത്രണം സാധ്യമാക്കൽ
- പകർച്ചവ്യാധികൾ കൂടുതലുള്ള സീസണിൽ പനിവാർഡ്, ഔട്ട്റീച്ച് ക്ലീനിക്ക്, മെഡിക്കൽ ക്യാമ്പ് തുടങ്ങിയവ സജ്ജീകരിക്കൽ
- ഹൈറിസ്ക് പ്രദേശങ്ങളിൽ പ്രത്യേക കർമ്മപരിപാടികൾ
- ആവശ്യാനുസരണം മരുന്ന്, മാനവശേഷി, ഫണ്ട്, പരിശോധനാ കിറ്റുകൾ, സാധന സാമഗ്രികൾ, ഉപകരണങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ
- മഴക്കാല പൂർവ്വ ശുചീകരണം, കൊതുക് നിയന്ത്രണം, ജലശുദ്ധീകരണം പ്രതിവാര ഡ്രൈ ഡേ ഒബ്സർവേഷൻ തുടങ്ങിയവയ്ക്ക് ഇതരവകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കാൻ കാമ്പയിനുകൾ സംഘടിപ്പിക്കുക, ഫീൽഡ്തല സ്ക്വാഡുകൾ രൂപീകരിക്കുക, കർമ്മപരിപാടിയിൽ പങ്കാളിയാകുക.
    - ഈഡിസ് കൊതുക് നിയന്ത്രണത്തിന് പ്രധാന ഉറവിടം കണ്ടെത്തൽ
    - തോട്ടം മേഖലയിൽ ഉറവിട നശീകരണത്തിന് കർമ്മപരിപാടി
    - ജല ദൗർലഭ്യം ഉള്ളിടത്തും ഹൈറിസ്ക് പ്രദേശങ്ങളിലും കർമ്മപരിപാടി
    - ജൂൺ, ജൂലായ്, ആഗസ്റ്റ് - പ്രതിവാര ഡ്രൈഡേ ഒബ്സർവേഷൻ
        - വെള്ളിയാഴ്ച - സ്കൂളുകളിൽ
        - ശനിയാഴ്ച - ഓഫീസിൽ
        - ഞായറാഴ്ച - വീടുകളിലും, പൊതുസ്ഥലങ്ങളിലും
    - വിദ്യാർത്ഥികൾക്ക് പ്രത്യേകപരിപാടികൾ, മത്സരങ്ങൾ
    - മലമ്പനി, ഡെങ്കിപ്പനി വിരുദ്ധമാസാചരണങ്ങൾ
- രോഗം പടരുന്ന സാഹചര്യങ്ങൾ മുൻകൂട്ടി കാണാൻ ഫീൽഡ്തല സന്ദർശനങ്ങൾ
- ഫീൽഡ്തല പ്രവർത്തനങ്ങൾ ഉറപ്പാക്കൽ, ക്രോസ് ചെക്കിംഗ്, മേൽനോട്ടം, വിലയിരുത്തൽ
- വാർഡ്തല ആരോഗ്യ, ശുചിത്വ പോഷണ സമിതികളുടേയും വിവിധ തലങ്ങളിൽ
- (സംസ്ഥാനം മുതൽ പഞ്ചായത്ത് വരെ) ഉള്ള രോഗനിയന്ത്രണ/അവലോകന സമിതികളുടേയും യോഗങ്ങൾ യഥാസമയം സംഘടിപ്പിക്കൽ

- വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പകർച്ചവ്യാധി പ്രതിരോധം സഫലമാക്കാൻ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം നടത്തിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക
- ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും, സന്നദ്ധപ്രവർത്തകർക്കും ജനപ്രതിനിധികൾക്കും മറ്റുള്ള വർക്കും ആവശ്യമായ ബോധവൽക്കരണവും പരിശീലനവും നൽകുക
- അതിന് ആവശ്യമായ ബോധവൽക്കരണ ഉപാധികളും സാമഗ്രികളും തയ്യാറാക്കി ലഭ്യമാക്കുക. ഉദാ: കൈപുസ്തകം
- രോഗം പകരുന്നതിന് സാഹചര്യം സൃഷ്ടിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എതിരെ പൊതുജനാരോഗ്യ നിയമപ്രകാരം നടപടികൾക്ക് നോട്ടീസ് നൽകൽ
- സർക്കാർ/സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാർ നൽകുന്ന കുറിപ്പടിയിൽ എല്ലാ വീടുകളിലും കമ്പോസ്റ്റിംഗ് ഉറപ്പാക്കണമെന്നും, പ്ലാസ്റ്റിക്കും, മറ്റ് മാലിന്യങ്ങളും കത്തിക്കുമ്പോഴുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിക്കുന്ന സന്ദേശം പ്രിന്റ് ചെയ്യേണ്ടതാണ്.

### 3. വിദ്യാഭ്യാസ വകുപ്പ്

- ആരോഗ്യ, തദ്ദേശ സ്വയംഭരണ വകുപ്പുകൾ ആവിഷ്ക്കരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള തന്ത്രങ്ങൾ സംയുക്തമായി ആലോചിച്ച് രൂപപ്പെടുത്തി നടപ്പിലാക്കുക.
- ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ബ്ളോക്ക് പ്രോഗ്രാം ഓഫീസർമാർ, എസ്.എസ്.എ, ജില്ലാ പ്രോഗ്രാം ഓഫീസർമാർ, ഡയറ്റ് ഫാക്കൽറ്റി പരിശീലകർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് മഴക്കാലപൂർവ്വ ശുചിത്വ ആരോഗ്യ കാമ്പയിനെ കുറിച്ച് അവബോധം നൽകുക. സ്കൂൾതലത്തിൽ മാലിന്യ പരിപാലനം അടക്കമുള്ള ശുചിത്വാരോഗ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് പുതിയ അക്കാഡമിക് വർഷത്തേയ്ക്കുള്ള പ്ലാൻ തയ്യാറാക്കുക.
- 2017 ഏപ്രിൽ മാസം ആദ്യവാരം എല്ലാ വിദ്യാലയങ്ങളിലും പി.റ്റി.എ മീറ്റിംഗ് വിളിച്ച് ചേർത്ത് വീടുകൾ, വിദ്യാലയം, വിദ്യാലയം സ്ഥിതി ചെയ്യുന്ന വാർഡ്, മറ്റ് പൊതുസ്ഥാപനങ്ങൾ എന്നിവ മാലിന്യമില്ലാതെ ശുചിയായും വെടിപ്പായും സൂക്ഷിക്കുന്നതിനുള്ള കർമ്മപരിപാടി ആവിഷ്കരിച്ച് അവർ മുഖേനെ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുക.

### 4. കൃഷിവകുപ്പ്

- രോഗ പ്രതിരോധ നിയന്ത്രണ കാര്യങ്ങളെക്കുറിച്ച് കർഷകർക്കിടയിലും ക്ഷീര കർഷകർക്കിടയിലും അവബോധമുണ്ടാക്കുക.
- കൃഷി ഓഫീസുകളും, പാൽ സൊസൈറ്റികളും മറ്റുംവഴി ജന്തുജന്യ രോഗമായ എലിപ്പനിയുടെ പ്രതിരോധത്തിന് ഊന്നൽ നൽകി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- കുഴി കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ളാന്റുകൾ തുടങ്ങിയ മാലിന്യ സംസ്ക്കരണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുക, പ്രചരിപ്പിക്കുക, കർഷകർക്കും, കുടുംബശ്രീ പ്രവർത്തകർക്കും വേണ്ടി ഓർഗാനിക് ഫാമിങ് പരിശീലനങ്ങൾ സംഘടിപ്പിക്കുക.
- ഡ്രൈഡേ ആചരണം, ജൈവീക നിയന്ത്രണം തുടങ്ങിയവ നടപ്പിലാക്കാൻ സഹായിക്കുക
- കൊതുകുകൾക്കെതിരെ കീടനാശിനികൾ തളിക്കാൻ സ്പ്രേയർ ലഭ്യമാക്കുക.
- കൃഷിതോട്ടങ്ങൾ, പൂന്തോട്ടങ്ങൾ, നഴ്സറികൾ, മഴക്കുഴികൾ, മഴവെള്ള സംഭരണികൾ, ടാങ്കുകൾ തുടങ്ങിയവയിൽ കൊതുകുകൾ പെരുകുന്നില്ല എന്ന് ഉറപ്പ് വരുത്തുക.
- എലി നശീകരണം, എലിമട നിർമ്മാർജ്ജനം.
- തൊഴിലാളികളും കർഷകരും വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തുക.
- റബ്ബർ പ്ലാന്റേഷനുകളിലെ ചിരട്ടകളിലും ലാറ്റക്സ് കപ്പുകളിലും കൊതുക് വളരാതിരിക്കാനുള്ള നടപടി സ്വീകരിക്കുക, അടയ്ക്ക, കൈതച്ചക്ക, കാപ്പി, കൊക്കോ തുടങ്ങിയ തോട്ടങ്ങളിൽ വെള്ളം കെട്ടിനിന്ന് കൊതുക് വളരാതിരിക്കാൻ വേണ്ട നടപടി എടുക്കുക.

### 5. സാമൂഹ്യനീതി വകുപ്പ്

- ഗൃഹ സന്ദർശനവും സ്ഥാപന സന്ദർശനവും നടത്തുവാൻ ആവശ്യമായ അംഗണവാടി ടീച്ചർ, ഹെൽപ്പർ തുടങ്ങിയവരെയും വോളണ്ടിയർമാരായും സൂപ്പർ വൈസർമാരായും നിയോഗിക്കുക

- സന്നദ്ധ പ്രവർത്തകർ വഴി പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്നത് അവലോകനം ചെയ്യുക
- അംഗനവാടി വർക്കർമാരുടെ നേതൃത്വത്തിൽ ക്ലാസുകളും, ബോധവത്കരണവും നടത്തുക
- അംഗണവാടികളിലും, മറ്റ് സ്ഥാപനങ്ങളിലും കൊതുക്, ഈച്ച, എലി തുടങ്ങിയവയുടെ ഉറവിടങ്ങൾ ഇല്ല എന്ന് ഉറപ്പു വരുത്തുക
- അങ്കണവാടികളിൽ സൃഷ്ടിക്കേണ്ട ശുചിത്വ സൗകര്യങ്ങൾ സംബന്ധിച്ച പ്ലാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുക

**6. മൃഗസംരക്ഷണം, ക്ഷീരവികസന വകുപ്പുകൾ**

- എലിപ്പനി പ്രതിരോധത്തിനാവശ്യമായ ബോധവത്കരണം ക്ഷീരകർഷകർക്ക് പാൽ സൊസൈറ്റിയും, മൃഗാശുപത്രിയും ഡിസ്പെൻസറിയും ക്ഷീരസംഘങ്ങൾ വഴിയും നൽകുക
- എലിപ്പനി നിയന്ത്രണത്തിനാവശ്യമായ പ്രാഥമിക നടപടികളെടുക്കുക.
- കുരങ്ങ്, പന്നി, പക്ഷികൾ (ദേശാടന പക്ഷികൾ അടക്കം) തുടങ്ങിയവ വഴി പകരുന്ന രോഗങ്ങൾക്കെതിരെയുള്ള നിരീക്ഷണം, നടപടികൾ എടുക്കൽ എന്നിവ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് നടത്തുക.
- എലികൾ, പന്നികൾ, ജലപക്ഷികൾ തുടങ്ങിയവയെ സൂക്ഷ്മ നിരീക്ഷണം നടത്തി പകർച്ചവ്യാധികൾ തടയുക.
- മൃഗസംരക്ഷണവുമായി ബന്ധപ്പെടുന്ന ജീവനക്കാർക്കും തൊഴിലാളികൾക്കും ആവശ്യമായ വാക്സിനേഷനുകളും ബോധവൽക്കരണവും ഉറപ്പാക്കുക.
- ചെക്ക് പോസ്റ്റുകളിൽ അവശ്യഘട്ടങ്ങളിൽ പരിശോധന നടത്തി രോഗവാഹകരായ കന്നുകാലികൾ, പക്ഷികൾ എന്നിവ സംസ്ഥാനത്ത് വരാതിരിക്കാനുള്ള മുൻകരുതൽ നടപടി സ്വീകരിക്കുക.

**7. പൊതുമരാമത്ത്, ഇറിഗേഷൻ വകുപ്പുകൾ**

- നിർമ്മാണ/അറ്റകുറ്റ പ്രവൃത്തികൾ നടത്തുമ്പോഴും അതിന് ശേഷവും ഈച്ച, കൊതുക്, എലി തുടങ്ങിയവയുടെ വംശവർദ്ധനവിന് കാരണമായ സാഹചര്യങ്ങൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തണം.
- ഓടകളുടെ ഇൻസ്പെക്ഷൻ നടത്തി ഓടകളിൽ ജലം കെട്ടിനില്ക്കുന്നില്ല എന്ന് ഉറപ്പാക്കണം. മാലിന്യം കൊ് അടഞ്ഞു പോയ ഓടകളിലെ മാലിന്യം മുൻകൂറായി നീക്കുക.
- കെട്ടിട നിർമ്മാണം നടക്കുന്നിടത്ത് കെട്ടിടത്തിനകത്തും പുറത്തും ജലം കെട്ടി നിൽക്കുന്നില്ല എന്ന് ഉറപ്പാക്കുക.
- റോഡ്/കെട്ടിട നിർമ്മാണ സാധന സാമഗ്രികൾ കൊതുകിന്റെ ഉറവിടം ആകാതെ ശ്രദ്ധിക്കുക. ഉപയോഗശേഷമുള്ളവ ശാസ്ത്രീമായി നീക്കം ചെയ്യുക.

**8. ജല അതോറിറ്റി / ജല വിഭവം വകുപ്പ്**

- ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക
- പമ്പിംഗ് സ്റ്റേഷനുകളിലെ ഫിൽട്ടർ ബെഡ്ഡിന്റെ പ്രവർത്തനങ്ങളും ശരിയായ ക്ലോറിനേഷനും, ലോഗ് ബുക്ക് മെയിന്റനൻസും ഉറപ്പുവരുത്തുക.
- ആവശ്യമായ സന്ദർഭങ്ങളിൽ (ജലജന്യരോഗങ്ങൾ ഉണ്ടാകുമ്പോഴും മറ്റും) സൂപ്പർ ക്ലോറിനേഷൻ നടത്തുക
- പമ്പിംഗ് സ്റ്റേഷൻ പരിസരങ്ങളിലെ ജലസ്രോതസുകളുടെ മലിനീകരണം പൂർണ്ണമായും തടയുക, ആവശ്യമെങ്കിൽ നിയമനടപടികളെടുക്കുക
- ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും കുടിവെള്ളം ഓടകളുടെ/സ്വീവേജ് പൈപ്പുകളുടെ വെള്ളവുമായി കലരുന്ന സാഹചര്യങ്ങൾ ഒഴിവാക്കുകയും ചെയ്യുക
- ആരോഗ്യവകുപ്പ് നൽകുന്ന ജലസാമ്പിളുകൾ സൗജന്യമായി പരിശോധിക്കാനുള്ള നടപടി സ്വീകരിക്കുക
- കുടിവെള്ളത്തിന്റെ (പൈപ്പ് വെള്ളം, കിണർവെള്ളം തുടങ്ങിയവ) ഗുണമേന്മ പരിശോധനകൾ നടത്തുക, തുടർനടപടികളെടുക്കുക
- വിതരണം ചെയ്യുന്ന ജലത്തിലെ ക്ലോറിൻ അളവ് വിവിധതലങ്ങളിൽ മോണിറ്റർ ചെയ്യുക
- ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുക. ടാങ്കർ ലോറി വഴി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ ഉറപ്പാക്കുക.

- വ്യാവസായികാടിസ്ഥാനത്തിലുള്ള ഐസ്, ശീതള പാനീയങ്ങളിൽ ഉപയോഗിക്കുന്നത് നിരോധിക്കുക
- ജലസുരക്ഷ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.

**9. തൊഴിൽ വകുപ്പ്**

- മറുനാടൻ തൊഴിലാളികളുടെ കൃത്യമായ വിവരശേഖരണം, രജിസ്ട്രേഷൻ, ഹെൽത്ത് കാർഡ് വിതരണം എന്നിവ ഏർപ്പെടുത്തുക
- ആരോഗ്യകരമായ ചുറ്റുപാടിലും പകർച്ചവ്യാധി സാദ്ധ്യതയില്ലാത്ത അന്തരീക്ഷത്തിലുമാണ് തൊഴിലാളികൾ താമസിക്കുന്നതും പണിയെടുക്കുന്നതും എന്ന് ഉറപ്പുവരുത്തുക
- തൊഴിലാളികളുടെ താമസകേന്ദ്രങ്ങളിലും പ്രധാന തൊഴിൽമേഖലകളിലും രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം, മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ ബോധവല്ക്കരണം, മലമ്പനി, മന്തുരോഗ പരിശോധനകൾ തുടങ്ങിയവ ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്തുക
- തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനും, പകർച്ചവ്യാധി പ്രതിരോധത്തിനും വേണ്ട നടപടികൾ സ്വീകരിക്കുക.

**10. ഫിഷറീസ് വകുപ്പ്**

- മത്സ്യഭവനുകൾ വഴിയും ഫിഷറീസ് വകുപ്പിന്റെ മറ്റ് സൗകര്യങ്ങൾ ഉപയോഗിച്ചും പകർച്ചവ്യാധികളെക്കുറിച്ച് ബോധവൽക്കരണം നൽകുക
- മത്സ്യതൊഴിലാളികളുടെ വീടും പരിസരവും ശുചിത്വപൂർണ്ണമാക്കാനും ശുദ്ധമായ കുടിവെള്ളം ഉപയോഗിക്കാനും കൊതുക് വളരുന്ന സാഹചര്യങ്ങൾ ഒഴിവാക്കാനും വേണ്ട സഹായങ്ങൾ ചെയ്ത് കൊടുക്കുക
- തീരദേശമേഖലകളിൽ സാനിട്ടറി കക്കൂസുകളുടെ നിർമ്മാണവും ഉപയോഗവും വർദ്ധിപ്പിക്കുക
- തുറസ്സായ സ്ഥലങ്ങളിൽ കിടന്നുറങ്ങുന്നത് നിരുത്സാഹപ്പെടുത്തുക.
- കരയ്ക്ക് കയറ്റി വച്ചിരിക്കുന്ന വള്ളത്തിൽ കൊതുക്-കൂത്താടികൾ വളരുന്നില്ലെന്ന് ഉറപ്പുവരുത്തുക
- വെള്ളക്കെട്ടുകളിൽ ഗപ്പി മത്സ്യങ്ങളെ നിക്ഷേപിച്ച് കൊതുക്-കൂത്താടി നശീകരണം നടത്തുക
- മത്സ്യം വളർത്തുന്ന ടാങ്കുകളിലും പൂട്ടിക്കിടക്കുന്ന ഐസ്പ്ലാന്റുകളിലും കൊതുക് കൂത്താടികൾ വളരാതിരിക്കാനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുക.

**10. ശുചിത്വമിഷൻ**

- ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും നൽകേണ്ട മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സർക്കാരിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി അനുവദിച്ച് നൽകുക.
- തദ്ദേശസ്വയംഭരണ സ്ഥാപനതല പരിശീലനങ്ങൾക്കുള്ള നേതൃത്വം ജില്ലാ ശുചിത്വമിഷനുകൾ ഏറ്റെടുക്കേണ്ടതാണ്.
- സംസ്ഥാനതല, ജില്ലാതല പരിശീലനങ്ങൾക്കുള്ള നേതൃത്വം സംസ്ഥാന ശുചിത്വമിഷൻ നൽകുക.

**11. കുടുംബശ്രീ**

- ഗൃഹസന്ദർശന പ്രവർത്തനങ്ങളിലെ സജീവ പങ്കാളിത്തം
- പ്രത്യേക അയൽക്കൂട്ടം, എ.ഡി.എസ്, സി.ഡി,എസ്തല യോഗങ്ങൾ, ചർച്ച, ചുമതല നിശ്ചയിക്കൽ
- ആരോഗ്യദായക വോളന്റിയർമാർക്കുള്ള പരിശീലനം

- ആരോഗ്യവകുപ്പ് കണ്ടെത്തുന്ന ഹോട്ട്സ്പോട്ട് (പകർച്ചവ്യാധി പടർന്ന് പിടിയ്ക്കുവാൻ സാധ്യതയുള്ള സ്ഥലങ്ങൾ) പ്രദേശങ്ങളിൽ കമ്മ്യൂണിറ്റി മൊബിലൈസേഷനിലൂടെ ആരോഗ്യ ശുചിത്വ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ആരോഗ്യദായക വോളന്റിയർമാർ ഈ പ്രവർത്തനത്തിന് നേതൃത്വം നൽകേണ്ടതാണ്.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ ജലാശയങ്ങളിലും ചതുപ്പ് നിലങ്ങളിലും തൊഴിലെടുക്കുമ്പോൾ ശരീരത്തിൽ രോഗാണുക്കൾ കടന്ന് എലിപ്പനി പോലുള്ള രോഗങ്ങൾ വരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

## 7 മോണിറ്ററിംഗ്

വാർഡ്തല പ്രവർത്തനങ്ങൾ ഓരോ ആഴ്ചയിലും വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതി അവലോകനം ചെയ്യേണ്ടതാണ്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും അവലോകന സമിതിയുടെ യോഗം രണ്ടാഴ്ചയിലൊരിക്കൽ ചേരണം. ജില്ലാ ആസൂത്രണ സമിതി ഊർജ്ജിത പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

ഗാർഹികതലത്തിൽ നടത്താൻ നിർദ്ദേശിച്ചിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും സ്ഥാപനങ്ങളിലും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. അതിന് സാമൂഹ്യപ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, ഗ്രന്ഥശാല-കലാസമിതി പ്രവർത്തകർ, തൊഴിലാളി സംഘടനകളുടെ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന ശുചീകരണ മോണിട്ടറിംഗ് കമ്മിറ്റികൾ രൂപീകരിക്കണം. കമ്മിറ്റിയംഗങ്ങൾ ആഴ്ചയിലൊരിക്കൽ സ്ഥാപന പരിസരം സന്ദർശിക്കേണ്ടതും പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് തദ്ദേശഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകുന്ന രീതിയിൽ സംവിധാനം ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ്.

**ജില്ലാ ഇൻസ്പെക്ഷൻ ടീം**

ജില്ലാകളക്ടർമാർ, ജില്ലാതല ഇൻസ്പെക്ഷൻ ടീമുകൾ രൂപീകരിച്ച് ഗ്രാമ പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻതല വാർഡുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ശുപാർശ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 8 പ്രവർത്തന കലണ്ടർ

| ക്രമ നം. | പ്രവർത്തനം | കാലഗണന |
|---|---|---|
| 1 | സംസ്ഥാനതല ശില്പശാല | 03.04.2017 |
| 2 | ജില്ലാതല ശില്പശാലകൾ | 05.04.2017 & 06.04.2017 |
| 3 | ബ്ലോക്ക്തല ശില്പശാലകൾ | 7.04.2017 & 10.04.2017 |
| 4 | തദ്ദേശസ്വയംഭരണ സ്ഥാപനതല ശില്പശാല | 11.04.2017 & 12.04.2017 |
| 5 | വാർഡ്തല ആരോഗ്യശുചിത്വ പോഷണ സമിതി യോഗങ്ങൾ | 17.04.2017 & 18.04.2017 |
| 6 | വാർഡ്തല ശുചിത്വമാപ്പിംഗ് ദിനം | 19.04.2017 |
| 7 | വാർഡ്തല ശുചിത്വപദ്ധതി തയ്യാറാക്കലും, അംഗീകരിക്കലും | 20.04.2017 |
| 8 | വാർഡ്തല പദ്ധതി പഞ്ചായത്ത് അംഗീകരിക്കൽ | 22.05.2017 ന് മുന്നേ |
| 9 | ഫീൽഡ്തല ശുചിത്വാരോഗ്യ പ്രവർത്തനങ്ങൾ | 24.04.2017 മുതൽ |
| 10 | ഈഡിസിന്റെ ഉണങ്ങിയ ഉറവിടങ്ങളും പ്രധാന ഉറവിട ങ്ങളും നീക്കം ചചെയ്യുന്ന ക്യാമ്പയിൻ | 24.04.2017 - 25.04.2017 |
| 11 | തോട്ടം മേഖലകളിൽ ഉറവിട നശീകരണ ക്യാമ്പയിൻ | 26.04.2017 - 27.04.2017 |
| 12 | ഹെൽത്തി കേരള കാമ്പയിൻ | 29.4.2017 |

| | | |
|---|---|---|
| 13 | സ്ഥാപന, പൊതുസ്ഥല ഉറവിട നശീകരണ ക്യാമ്പയിൻ | മേയ് 9 മുതൽ 12 വരെ |
| 14 | തോട്ടം മേഖലകളിൽ ഉറവിട നശീകരണ ക്യാമ്പയിൻ | മേയ് 16 മുതൽ 17 വരെ |
| 15 | ഹെൽത്തി കേരള കാമ്പയിൻ | മേയ് 20 |
| 16 | ജല ശുദ്ധീകരണ ക്യാമ്പയിൻ | മേയ് 23 മുതൽ 25 വരെ |

## 9 ഫണ്ട് വരവ് ചെലവ് സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ

- ഫണ്ട് വിവിധ സ്രോതസുകളിൽ നിന്ന് ഗ്രാമപഞ്ചായത്ത്/നഗരസഭ/മുൻസിപ്പൽ കോർപ്പറേഷനുകൾ ലഭ്യമാക്കുന്നു.
- ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് മഴക്കാലപൂർവ്വ ശുചീകരണത്തിന് ചെലവഴിക്കാവുന്ന പരമാവധി തുക: രൂ.25000 X പഞ്ചായത്തിലെ/നഗരസഭയിലെ വാർഡുകളുടെ എണ്ണം. മുൻസിപ്പൽ കോർപ്പറേഷനുകൾക്ക് രൂ.35000 X വാർഡുകളുടെ എണ്ണം
- ഓരോ ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി വാർഡിനും രൂ.25000/- രൂപയിൽ അധികരിക്കാത്ത തുക, വാർഡ്തല പ്രവർത്തന രേഖയുടെ ആവശ്യകതയനുസരിച്ച്, ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് ചെലവഴിക്കാവുന്നതാണ്. കോർപ്പറേഷനുകൾക്ക് ഒരു വാർഡിന് രൂ.35000/- വരെയും ചെലവഴിക്കാവുന്നതാണ്.
- വാർഡൊന്നിന് ലഭിക്കാവുന്ന തുക : ശുചിത്വമിഷൻ വിഹിതം - ഗ്രാമപഞ്ചായത്ത്, നഗരസഭ 10000/- രൂപ, കോർപ്പറേഷൻ വാർഡിന് 20000/- രൂപ, എൻ.ആർ.എച്ച്.എം. വിഹിതം- 10000/- രൂപ, തനത് ഫണ്ട് - 5000/- രൂപ
- ശുചിത്വമിഷന്റെ വിഹിതമായ 10000/- രൂപ സർക്കാർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത്/നഗരസഭ (കോർപ്പറേഷനുകൾക്ക് 20000/- രൂപ) കൈമാറുന്നു. മുൻവർഷത്തെ യൂട്ടിലൈസേഷൻ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമായിരിക്കും തുക നൽകുന്നത്. കഴിഞ്ഞ വർഷത്തെ തുക മിച്ചമുണ്ടെങ്കിൽ അതുതട്ടിക്കഴിച്ച ശേഷമായിരിക്കും ഫണ്ട് നൽകുന്നത്. ഈ നിബന്ധന NRHM വിഹിതത്തിനും തദ്ദേശഭരണ വിഹിതത്തിനും ബാധകമായിരിക്കും. തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഡ് ശുചിത്വ സമിതിക്ക് കൈമാറുന്നു
- 2017 ജൂൺ 30 ന് മുമ്പ് ചെലവഴിക്കപ്പെടുന്ന തുക മാത്രമേ മഴക്കാലപൂർവ്വ ശുചീകരണത്തിന് ചെലവഴിക്കപ്പെട്ടതായി കണക്കാക്കുകയുള്ളൂ.
- വിവിധ സ്രോതസുകളിൽ നിന്നും ലഭിക്കുന്ന തുക വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതി അക്കൗണ്ടിൽ വരുത്തേതും ലഭിക്കുന്ന സ്രോതസടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലാകണം വിനിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ടത്.
- വാർഡ്തല ശുചിത്വ സമിതി കൂടി വിശദമായ ചർച്ചകൾ നടത്തി മാത്രം വാർഡ്തല പ്രവർത്തന രേഖ തയ്യാറാക്കണം
- വാർഡ്തല ശുചിത്വസമിതി തയ്യാറാക്കുന്ന പ്രവർത്തന രേഖയുടെ രണ്ട് കോപ്പികൾ പഞ്ചായത്ത്/ നഗരസഭ/കോർപ്പറേഷൻ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കണം
- വാർഡ്തല പ്രവർത്തന രേഖ പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ സമിതി പരിശോധിച്ചും, അനിവാര്യമായ ഭേദഗതികളുണ്ടെങ്കിൽ മാറ്റം വരുത്തിയതിനുശേഷം കമ്മറ്റി അംഗീകരിക്കേണ്ടതുമാണ്.
- പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ കമ്മറ്റി അംഗീകരിച്ച പ്രവർത്തനരേഖയുടെ ഒരു കോപ്പി ബന്ധപ്പെട്ട കാര്യാലയത്തിൽ സൂക്ഷിക്കേതും രാമത്തെ കോപ്പി അംഗീകാര രേഖകളോടെ വാർഡ് ശുചിത്വസമിതിയ്ക്ക് തിരിച്ചു നൽകേണ്ടതുമാണ്.

- പ്രവർത്തനങ്ങളും ചെലവുകളും അംഗീകരിച്ച വാർഡ്തല പ്രവർത്തന രൂപരേഖയുടെ അടിസ്ഥാനത്തിലായിരിക്കണം.
- ഇക്കാര്യത്തിലേയ്ക്ക് ലഭിക്കുന്ന തുക വകമാറ്റി ചെലവഴിക്കാൻ പാടുള്ളതല്ല. ആയതിന്റെ ഉത്തരവാദിത്വം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയ്ക്കായിരിക്കും.

**10.** സർക്കാർ നിർദ്ദേശങ്ങളനുസരിച്ച്, വാർഡ്തല മഴക്കാല പൂർവ്വ ക്യാമ്പയിനുകളും, ശുചിത്വപ്രവർത്തനങ്ങളും കൃത്യമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്. ആയതിന്റെ പരിപൂർണ്ണ ഔദ്യോഗിക ഉത്തരവാദിത്വവും സെക്രട്ടറിമാർക്ക് തന്നെ ആയിരിയ്ക്കുന്നതുമാണ്. ചെലവ് സംബന്ധിച്ച വൗച്ചറുകൾ കാമ്പയിൻ കഴിഞ്ഞ് ഒരാഴ്ചയ്ക്കകം ബന്ധപ്പെട്ട സെക്രട്ടറിമാർ വാർഡ് സമിതികളിൽ നിന്നും ശേഖരിക്കേണ്ടതാണ്. സെക്രട്ടറിമാർ ഒറിജിനൽ വൗച്ചറുകൾ പഞ്ചായത്ത്/നഗരസഭ/ കോർപ്പറേഷനുകളിൽ സൂക്ഷിക്കുകയും കമ്മറ്റിയുടെ അംഗീകാരത്തോടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് അതാത് ഏജൻസികൾക്ക് നൽകേണ്ടതുമാണ്. പ്രീമൺസൂൺ കാമ്പയിൻ പ്രവർത്തനങ്ങളുടെ പ്രതിവാര പുരോഗതി ഗ്രാമപഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷനിലെ ഓഫീസ് ബോർഡിൽ സെക്രട്ടറിമാർ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

എസ്.എം വിജയാനന്ദ്
ചീഫ് സെക്രട്ടറി

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
8 സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10 ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
11 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
12 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13 ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
14 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
15 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
16 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
17 ഡയറക്ടർ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ
18 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
19 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
20 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21 മിഷൻ ഡയറക്ടർ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
22 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
23 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)

24 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
25 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
26 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
27 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
28 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
29 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
30 ഡയറക്ടർ, ലോക്കൽ ഫ് ഓഡിറ്റ്, തിരുവനന്തപുരം
31 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
32 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
33 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
34 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
35 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
36 അക്കൗണ്ട് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
37 ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
3. ആരോഗ്യവകുപ്പ്/വിദ്യാഭ്യാസ വകുപ്പ്/കൃഷിവകുപ്പ്/സാമൂഹ്യനീതി വകുപ്പ്/ മൃഗസംരക്ഷണം, ക്ഷീര വികസന വകുപ്പ്/ഫിഷറീസ്/പൊതുമരാമത്ത്, ഇറിഗേഷൻ വകുപ്പ്/ജലവിഭവം വകുപ്പ്/തൊഴിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറിമാരുടെ പി.എ യ്ക്ക്
4. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
5. തദ്ദേശസ്വയംഭരണ (ഡി.എ/ഡി.ബി/ഡി.ഡി/എഫ്.എം) വകുപ്പുകൾക്ക്